പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

<u>തൊഴിലുറപ്പ് പദ്ധതിയിൽ ചട്ടപ്രകാരമുള്ള വേതനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4536

28.06.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള വേതനം എത്ര ദിവസത്തിനകം നൽകണമെന്നാണ് ചട്ടം അനുശാസിക്കുന്നത്; | (എ) | പ്രവൃത്തി പൂർത്തീകരിച്ച് 7 ദിവസത്തിനകം, പരമാവധി 14 ദിവസത്തിനകം വേതനം നൽകണമെന്നാണ് അനുശാസിക്കുന്നത് |
| (ബി) | പ്രസ്തുത സമയപരിധിക്കുള്ളിൽ വേതനം ലഭിക്കുന്നില്ലെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. |
| (സി) | തരൂർ മണ്ഡലത്തിലെ കോട്ടായി പഞ്ചായത്തിൽ പ്രസ്തുത പദ്ധതി പ്രകാരം ചെയ്ത തൊഴിലിന്റെ കൂലി നൽകാനുണ്ടോ; ഉണ്ടെങ്കിൽ എത്ര ബിൽ പ്രകാരം എത്ര രൂപയാണ് നൽകാനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | തരൂർ മണ്ഡലത്തിലെ കോട്ടായി ഗ്രാമപഞ്ചായത്തിലെ 11 പ്രവൃത്തികളുടെ വേതനമായ 800680 രൂപ (എട്ടു ലക്ഷത്തി അറുനൂറ്റി എൺപത് രൂപ മാത്രം) നൽകുവാനുണ്ട്. |
| (ഡി) | പ്രസ്തുത തുകമാറി നൽകാത്തതിനുള്ള കാരണം വ്യക്തമാക്കുമോ; | (ഡി) | 11 പ്രവൃത്തികളുടെ ബില്ലുകൾ അസിസ്റ്റന്റ് എഞ്ചിനീയർ (തസ്വഭവ സെക്ഷൻ, കോട്ടായി ഗ്രാമപഞ്ചായത്ത്) ചെക്ക് മെഷർമെന്റ് രേഖപ്പെടുത്താത്തതിനാൽ 800680 രൂപ (എട്ടു ലക്ഷത്തി അറുനൂറ്റി എൺപത് രൂപ മാത്രം) നൽകുവാൻ സാധിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഇ) | ഏതെങ്കിലും ഉദ്യോഗസ്ഥന്റെ നിരുത്തരവാദിത്വം കൊണ്ടാണ് ബിൽതുക മാറി നല്കാത്തതെന്ന് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; എങ്കിൽ ആ ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുമോ? | (ഇ) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ